# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **5728** **02.07.2014 - ൽ** മറുപടിക്ക്

## പിരിച്ചെടുക്കാനുള്ള വെള്ളക്കരകുടിശ്ശിക

**ചോദ്യം**

ശ്രീ. സി. ദിവാകരൻ
ശ്രീ. കെ. രാജു
ശ്രീ. കെ. അജിത്
ശ്രീ. ഇ.കെ. വിജയൻ

**മറുപടി**

പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) ജലഅതോറിറ്റി പിരിച്ചെടുക്കാനുള്ള വെള്ളക്കര കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ;

(എ) 31/03/2014-ലെ കണക്കനുസരിച്ച് വെള്ളക്കര ഇനത്തിൽ പിഴപലിശകളും ഫൈനും ഉൾപ്പെടെ വിവിധ വിഭാഗം ഉപഭോക്താക്കളിൽ നിന്നും ആകെ 613.78 കോടി രൂപ പിരിഞ്ഞു കിട്ടുവാനുണ്ട്.

(ബി) ഗാർഹികം, ഗാർഹികേതരം, വ്യവസായം എന്നീ താരിഫുകളിൽ ഓരോന്നിലും എത്ര വീതം തുക പിരിഞ്ഞു കിട്ടാനുണ്ട്; പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി)

| | | |
|---|---|---|
| ഗാർഹികം | - | 112.42 കോടി രൂപ |
| ഗാർഹികേതരം | - | 310 കോടി രൂപ |
| വ്യവസായികം | - | 38 കോടി രൂപ |
| **ആകെ** | - | **460.42 കോടി രൂപ** |

കുടിശ്ശികയുള്ള ഉപഭോക്താക്കൾക്ക് കണക്ഷൻ വിഛേദിക്കാനുള്ള നോട്ടീസ് നൽകുകയും കണക്ഷൻ വിഛേദിക്കുകയും റവന്യൂ റിക്കവറിക്ക് ശുപാർശ ചെയ്യുകയും ചെയ്യാറുണ്ട്.

| | | | |
|---|---|---|---|
| (സി) | വാട്ടർ അതോറിറ്റിയുടെ ആധുനികവൽക്കരണത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ തുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

ഘ8-5728

<u>അനുബന്ധം</u>

ജൈക്ക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സ്ഥാപന ശാക്തീകരണത്തിൽ ഉൾപ്പെടുത്തി വാട്ടർ അതോറിറ്റിയുടെ ആധുനിക വത്കരണത്തിനായി ഈ ആർ. പി. പാക്കേജ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ലാബുപകരണങ്ങൾ, ലീക്ക് ഡിറ്റക്ഷൻ ഉപകരണങ്ങൾ മെയിന്റനൻസ് വാഹനങ്ങളും അനുബന്ധ ഉപകരണങ്ങളും വാട്ടർ ടാങ്കർ ലോറികൾ എൽ.ഡിസി പ്രൊജകട്റ്റർ, പ്ലോട്ടർ, ബൾക്ക് ഫളോ മീറ്ററുകൾ എന്നിവ വാങ്ങിച്ചിട്ടുണ്ട്. ഇതിനു പുറമേ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുള്ള മാനേജ്മെന്റ് ട്രെയിനിംഗുകളും ഇൻറർനാഷണൽ ട്രെയിനിംഗുകളും നടത്തിയിട്ടുണ്ട്. കൂടാതെ സ്ഥാപന ശാക്തീകരണത്തിന്റെ ഭാഗമായി സി. ആർ. എസ്. പി എം. എസ് എന്നീ സോഫ്ട് വെയറുകളും നെറ്റ് വർക്ക് കണക്റ്റിവിറ്റിയും നടപ്പിലാക്കി വരുന്നു.

വാട്ടർ അതോറിറ്റിയിലെ മുഴുവൻ ഓഫീസുകളേയും ബന്ധിപ്പിക്കുന്ന കേന്ദ്രീകൃത നെറ്റ് വർക്കിംഗ് നടപ്പിലാക്കുകയും എല്ലാ ഓഫീസുകളിലും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുകയും ചെയ്തു.

വാട്ടർ അതോറിറ്റിയിൽ നടപ്പിലക്കി വരുന്ന കേന്ദ്രികൃത ബില്ലിംഗ് സോഫ്റ്റ് വെയർ ആയ ഇ- അബാക്കസ് കേരള മൊട്ടുക്കുള്ള ഓഫീസുകളിലേക്ക് വ്യാപിപ്പിക്കുന്ന നടപടികൾ പൂർത്തിയായിവരുന്നു.

ഇ- അബാക്കസ് സംസ്ഥാനമൊട്ടകെ വ്യാപിക്കുന്നതിന്റെ ഭാഗമായി എല്ലാ ഉപഭോക്താക്കളുടെയും കുടിവെള്ള ഉപഭോഗം സംബന്ധിച്ച് വിവരങ്ങളും മറ്റു അനുബന്ധ വിവരങ്ങളും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

ഭരണ പദ്ധതി നിർവ്വഹണ പ്രക്രീയ കൂടുതൽ വേഗത്തിലും സുതാര്യവു മാക്കുന്നതിനായി മാനേജിംഗ് ഡയറകടറുടെ ഓഫീസിനെയും കാസറുഗോഡ് വരെയുള്ള മറ്റു പ്രധാനപ്പെട്ട ഓഫീസുകളേയും ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺ പ്രൻസിങ്ങ് സംവിധാനം ഏർപ്പെടുത്തി.

US-5728

വാട്ടർ അതോറിറ്റി ഉപഭോക്താക്കളുടെ പൂരണ്ണവിവരങ്ങളും അതോറിറ്റിയുടെ ആസ്തികളുടെ വിവരങ്ങളു തിട്ടപ്പെടുത്തുന്നതിനും രേഖപ്പെടുത്തുന്നതിനും ഉതകുന്നു. ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസറ്റം ( ജി,ഐ.എസ്) നടപ്പിലാക്കി വരുന്നു.

വാട്ടർ അതോറിറ്റി നടപ്പിലാക്കി കൊണ്ടിരിക്കുന്ന വിവിധ കുടിവെള്ള പദ്ധതികളുടെ തൽസമയ വിവരങ്ങൾ പൊതുജനങ്ങൾക്കും, പ്രതിനിധികൾക്കും വിവിധ ഏജൻസികൾക്കും ലഭ്യമാക്കുന്നതിനുള്ള പ്രൊജക്ട് സ്റ്റാറ്റസ് അലർട്ട് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. ( പി.എ.എസ്. കെ)

കുടിവെള്ളത്തിന്റെ ഗുണനിലാവര പരിശോധനകൾ ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി ലബോറട്ടറി ഇൻഫർമേഷൻ മാനേജ്മന്റ് സിസ്റ്റം ( എൽ. ഐ.എം.സ്) എല്ലാ ഡിസ്ട്രിക്ട് ലബുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

പുതിയ കുടിവെള്ള കണക്ഷനുള്ള അപേക്ഷകൾ " ഓൺ ലൈൻ" ആയി സ്വീകരിക്കുന്നതിനുള്ള പദ്ധതികൾ കേരള ഗവൺമന്റ് പദ്ധതിയായ എസ്.എസ്.ഡി. ജി വഴി നടപ്പിലാക്കിയിട്ടുണ്ട്.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പും അറ്റകുറ്റ പണികളും അതിന്റെ ബില്ലുകൾ പാസായി നൽകുന്നതുമായ പ്രവത്തികൾ സുതാര്യമാക്കുന്നതിനായി ഒ ആന്റ് എം, എച്ച്. ആർ. ബിൽ പേയ്മന്റ് സിസ്റ്റം നടപ്പിലക്കിയിട്ടുണ്ട്.

വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട കുറ്റിവെള്ള പദ്ധിതികളുടെ വേഗതിലുള്ള നടത്തിപ്പിനായി ' steps' എന്ന് സോഫ്റ്റ് വെയർ ഏർപ്പെടുത്തിയിട്ടുണ്ട്.

വാട്ടർ അതോറിറ്റിയിലെ പെൻഷൻ വിതരണം സുഗമവും സുതാര്യവുമായി നടത്തുന്നതിനായി കേന്ദ്രീകൃത പെൻഷൻ വിതരണ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

ശുദ്ധജലത്തിന്റെ ലഭ്യതയുടെയും ചോർച്ചയുടെയും പരാതികളുടെ അവസ്ഥ നിരീക്ഷിക്കാൻ ഉള്ള സോഫ്ട് വെയർകം പ്ലയിന്റ് റിഡ്രസർ സിസ്റ്റം ( സി.ആർ.എസ്) ഇത് പ്രാരംഘട്ടമായി തിരുവനന്തപുരത്ത് നടപ്പാക്കി വരുന്നു.

us 5728

ഓഫീസ് ജോലികളിൽ പേപ്പർ ഫയലിന്റെ ഉപയോഗം കുറച്ച് ഡിജിറ്റേലെസ് ചെയ്ത് ഉപയോഗ്ഗിയ്ക്കുന്ന രീതിയായ് ദിജിറ്റൽ ഡോക്യൂമെന്റെ ഫയലിംഗ് സിസ്റ്റം (ഡി.ഡി. എഫ്. എസ്). ഇത് പ്രാരംഭഘട്ടമായി ജലഭവൻ കാമ്പസിൽ നടപ്പാക്കി വരുന്നു.

ജീവനക്കാരുടെ അറ്റെൻഡെൻസ് ബയോമെട്രിക്ക് പഞ്ചിംഗ് ഉപയോഗിച്ച് സമയം അടിസ്ഥാനമാക്കി ഒരോ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള സോഫ്ട് വെയർ. ഇത് പ്രാരംഭഘട്ടമായി ജലഭവൻ കാമ്പസിലും ഒബ്സർവേറ്ററി കാമ്പസിലും നടപ്പിലാക്കി വരുന്നു.

നെറ്റ് വർക്ക് ഡിസൈൻ സോഫ്ട് വെയർ- വാട്ടർ അതൊറിറ്റിയുടെ വിവിധ പദ്ധതികൾക്ക് പയിപ്പ് ലയിൻ ഡിസൈൻ ചെയ്യുന്നതിനു വേണ്ടി ഉപയോഗിക്കുന്ന സോഫ്ട് വെയർ. ഇതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

സി. സി. ടി. വി.- ജലഭവൻ കാമ്പസിന്റേയും ഒബ്സർവേറ്ററി കാമ്പസിന്റെയും ഫിൽറ്റർ ഹവുസിന്റെയും നിരീക്ഷണത്തിനു വേണ്ടിയുള്ള പദ്ധതി . ഇത് നടപ്പിലാക്കി വരുന്നതേ ഉള്ളു.

[signature]

സെക്ഷൻ ഓഫീസർ